

# പതിനായിരങ്ങൾ ഒഴുകിയെത്തി മഹാനഗരം ചരിത്രസംഗമത്തിന് സാക്ഷിയായി

റിപ്പോർട്ട്

സ്റ്റാഫ് ലേഖകൻ

**ചരിത്രമുറങ്ങുന്ന** ദൽഹിയിൽനിന്ന് ആരംഭിച്ച് ഗംഗാതടങ്ങളിലൂടെ സഞ്ചരിച്ച് രാജ്യത്തെ മർദിതരായ ജനകോടികളുടെ നിശ്വാസങ്ങളും നെടുവീർപ്പുകളുമാവാഹിച്ച് ആ സാർഥ വാഹകസംഘം അറബിക്കടലിന്റെ റാണിയെ പുളകച്ചാർത്തണിയിച്ച് മറൈൻ ഡ്രൈവിലേക്ക് വന്നുചേരുമ്പോൾ കാലം പഴയൊരു സംഘത്തിന്റെ ആഗമനത്തെക്കുറിച്ച സ്മരണകൾ ഓർത്തെടുക്കുകയായിരുന്നു. അസമത്വവും ജാതിവിവേചനവും മൂലം ജീവിതം നരകതുല്യമായിത്തീർന്ന ഒരു സമൂഹത്തിന് നീതിയുടെയും സമാധാനത്തിന്റെയും ജീവൽ സന്ദേശവുമായി കടന്നുവന്ന മാലിക് ദീനാറിനെയും സംഘത്തെയും പച്ചപ്പട്ടോല വിരിച്ചും സഹ്യസാനുക്കൾ കടന്നുവന്ന ഇളം കാറ്റൂതിയുമാണ് കേരളം സ്വീകരിച്ചത്. അതേ നീതിയുടെയും സമാധാനത്തിന്റെയും പതാക വഹിച്ചെത്തിയ പുതിയ സംഘത്തെയും കേരളം ഹർഷപുളകത്തോടെ സ്വാഗതം ചെയ്തു.

'നീതിക്ക് സമാധാനത്തിന്' എന്ന സന്ദേശമുയർത്തി ജമാഅത്തെ ഇസ്‌ലാമി അഖിലേന്ത്യാ അധ്യക്ഷൻ ജലാലുദ്ദീൻ അൻസ്വർ ഉമരിയുടെ നേതൃത്വത്തിൽ നവംബർ ഒന്നിന് ദൽഹിയിൽ നിന്നാരംഭിച്ച യാത്ര ലഖ്നൗ, പാറ്റ്ന, ഗുവാഹത്തി, കൊൽക്കത്ത, ഹൈദരാബാദ്, ബാംഗ്ലൂർ, മംഗലാപുരം നഗരങ്ങളിൽ പര്യടനം നടത്തിയാണ് കൊച്ചിയിൽ സമാപിച്ചത്. കേരളത്തിന്റെ വ്യത്യസ്ത ഭാഗങ്ങളിൽനിന്ന് വന്നെത്തിയ പതിനായിരങ്ങൾ മറൈൻ ഡ്രൈവിലൊരുക്കിയ സമ്മേളന നഗരിയിലും കവിഞ്ഞ് പുറത്തേക്കൊഴുകി.



ഇന്ത്യയിലെ ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ ചരിത്രത്തിൽ നിരവധി നിർണായക സംഭവങ്ങൾക്ക് സാക്ഷ്യം വഹിച്ച കേരള മണ്ണ് പ്രസ്ഥാനത്തിന്റെ പുതിയ കുതിപ്പുകൾക്ക് സർവ പിന്തുണയും നൽകും എന്ന് വിളിച്ചറിയിക്കുന്നതായിരുന്നു കൊച്ചിയുടെ ചരിത്രത്തിലെതന്നെ ഈ അപൂർവ സംഗമം. അസ്തമയ സൂര്യന്റെ പൊൻകിരണങ്ങൾ പടിഞ്ഞാറൻ ചക്രവാളത്തിലേക്ക് എറിഞ്ഞൊടുങ്ങുമ്പോൾ നീതിയും സമാധാനവും പുലരുന്ന പുതിയൊരു പ്രഭാതത്തിനു വേണ്ടിയുള്ള ആഹ്വാനമാവുകയായിരുന്നു സമ്മേളനം.

വൈകുന്നേരം 4.30നാണ് സമാപന പരിപാടി തുടങ്ങുക എന്നറിയിച്ചിരുന്നതെങ്കിലും നിശ്ചിത സമയത്തിന് മുമ്പ് തന്നെ 'കാരവൻ' നഗരിയിലെത്തിച്ചേർന്നു. വേദിയിലെത്തിയ നേതാക്കൾ കൈവീശി അഭിവാദ്യം ചെയ്തപ്പോൾ സ്ത്രീകളും കുട്ടികളുമടക്കമുള്ള സദസ്യർ കൈയുയർത്തി അഭിവാദ്യം സ്വീകരിച്ചു. ബഷീർ മുഹ്‌യിദ്ദീന്റെ ശ്രുതി മധുരമായ ഖുർആൻ പാരായണത്തോടെ ആരംഭിച്ച സമ്മേളനത്തിന് ജമാഅത്തെ ഇസ്‌ലാമി കേരള അസി. അമീർ ശൈഖ് മുഹമ്മദ് കാരകുന്ന് സ്വാഗതമാശംസിച്ചു. 8000 കോടി രൂപ രഹസ്യാന്വേഷണത്തിന് ചെലവിട്ടിട്ടും രാജ്യത്തു നടന്ന ഒരു സ്ഫോടനത്തിൽ പോലും കുറ്റവാളികളെ പിടികൂടാൻ കഴിയാത്ത പോലീസ് സംവിധാനത്തിന്റെ പിടിപ്പുകേടിനെ അദ്ദേഹം വിമർശിച്ചു. ഭീകരവാദത്തിനു മതമില്ല എന്ന് എല്ലാവരും പറയാറുണ്ടെങ്കിലും മുസ്‌ലിം ചിഹ്നങ്ങൾ ഉപയോഗിച്ച് ഭീകരവാദത്തിന്റെ 'മതം' പ്രഖ്യാപിക്കാൻ അവർ ശ്രമിക്കാറുണ്ടെന്ന് അദ്ദേഹം പ റഞ്ഞു.

തുടർന്നു നടന്ന അഖിലേന്ത്യാ അമീറിന്റെ ഉദ്ഘാടന പ്രസംഗം മനുഷ്യജീവിതത്തിൽ നീതിയും സമാധാനവും പുലരേണ്ടതിന്റെ അനിവാര്യത ഊന്നിപ്പറഞ്ഞു (പ്രസംഗത്തിന്റെ പൂർണരൂപം കാണുക). രാജ്യത്തു നിലനിൽക്കുന്ന അസമാധാനത്തിലേക്കും അനീതിയിലേക്കും വിരൽചൂണ്ടിയ അമീർ അവകാശങ്ങൾ നിഷേധിക്കപ്പെട്ട എല്ലാവർക്കുംവേണ്ടി ശബ്ദിക്കുന്ന ഒരു രാഷ്ട്രീയ പാർട്ടിയുടെ പ്രഖ്യാപനം ജമാഅത്തെഇസ്‌ലാമിയുടെ ആഭിമുഖ്യത്തിൽ ഉടനെ ഉണ്ടാകുമെന്ന് അറിയിച്ചു.

തുടർന്ന് സംസാരിച്ച ജസ്റ്റിസ് വി.ആർ കൃഷ്ണയ്യരുടെ വാക്കുകൾ സദസ്സ് ആദ്യാവസാനം ഹർഷാരവത്തോടെയാണ് ഏറ്റുവാങ്ങിയത്. വാർധക്യത്തിന്റെയും രോഗത്തിന്റെയും അവശതകൾ അവഗണിച്ച്, നീതിക്കുവേണ്ടി ഒത്തുകൂടിയ ജനസമുദ്രത്തെ അഭിവാദ്യം ചെയ്യാനെത്തിയ കൃഷ്ണ

## സ്ത്രീ പങ്കാളിത്തം ശ്രദ്ധേയമായി

സമ്മേളനത്തിലെ വമ്പിച്ച സ്ത്രീപങ്കാളിത്തം പ്രത്യേകം ശ്രദ്ധിക്കപ്പെട്ടു. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് ജീവിതത്തിന്റെ വ്യത്യസ്ത തുറകളിലുള്ള വിദ്യാർഥിനികളും ഉദ്യോഗസ്ഥകളും വീട്ടമ്മമാരും നിശ്ചിത സമയത്തിനു മുമ്പുതന്നെ എത്തിച്ചേരാൻ തുടങ്ങിയിരുന്നു. കൈക്കുഞ്ഞുങ്ങളെ ഒക്കത്തെടുത്തും പ്രായത്തിന്റെ അവശതകൾ അവഗണിച്ചും നിരവധി പേർ ചരിത്ര മുഹൂർത്തത്തിന് സാക്ഷികളാവാനെത്തി. നഗരിയിൽ ആദ്യം നിറഞ്ഞത് സ്ത്രീകളുടെ ഭാഗമായിരുന്നു. തിരക്കു കാരണം മഗ്‌രിബ് നമസ്കാരാനന്തരം പുരുഷന്മാർക്ക് നീക്കിവെച്ചിരുന്ന സ്ഥലത്തിന്റെ ഒരു ഭാഗം കൂടി സ്ത്രീകൾക്ക് വിട്ടുകൊടുത്തു. പുരുഷന്മാർ ഞെരുങ്ങിനിന്നും റോഡരികിലേക്ക് മാറിനിന്നും അവർക്ക് സൗകര്യം ചെയ്തു കൊടുത്തു. "അച്ചടക്കമായിരുന്നു ഈ സമ്മേളനത്തിന്റെ പ്രത്യേകത. പ്രസംഗങ്ങളെല്ലാം സ്ത്രീകൾ നന്നായി ശ്രദ്ധിച്ചിട്ടുണ്ട്. പ്രസ്ഥാനത്തിന്റെ പുതിയ ചുവടുവെപ്പിൽ തങ്ങൾക്കും ചിലത് ചെയ്യാനുണ്ട് എന്നതിന്റെ തെളിവാണ് ഈ വർധിച്ച സ്ത്രീ പങ്കാളിത്തം"- ഒരു സമ്മേളന പ്രതിനിധി പറഞ്ഞു. "ഇസ്‌ലാം സ്ത്രീകളെ പീഡിപ്പിക്കുന്നുവെന്നും അവർക്ക് അവകാശങ്ങൾ നൽകുന്നില്ല എന്നും പ്രചരിപ്പിക്കുന്നവർക്കുള്ള മറുപടിയാണ് ഈ വമ്പിച്ച സ്ത്രീ ജനാവലി"- മറ്റൊരു പ്രതികരണം.

യ്യരുടെ ഓരോ വാക്കും നീതിക്കുവേണ്ടിയുള്ള തന്റെ ഒടുങ്ങാത്ത ആഗ്രഹത്തെ പ്രതിഫലിപ്പിക്കുന്നതായി. നീതിക്കുവേണ്ടിയുള്ള ഈ പോരാട്ടത്തിൽ മുസ്‌ലിംസമൂഹം ഒറ്റക്കല്ല, താനുൾപ്പെടെയുള്ള നീതി ആഗ്രഹിക്കുന്ന അനേകം പേർ അവരോടൊപ്പമുണ്ട്.

ശാസ്ത്ര സാങ്കേതിക, സൈനിക, ധൈഷണിക മേഖലകളിൽ രാജ്യം നേടിയ അസൂയാർഹമായ പുരോഗതി സൂചിപ്പിച്ചു കൊണ്ടാണ് കേരള ഹൽഖാ അമീർ ടി. ആരിഫലി അധ്യക്ഷ പ്രസംഗം ആരംഭിച്ചത്. നാം അംഗീകരിച്ചിരിക്കുന്ന ജനാധിപത്യത്തിന്റെയും മതേതരത്വത്തിന്റെയും ഗുണവശങ്ങളെ അദ്ദേഹം എടുത്തുപറഞ്ഞു. ദുർബല വിഭാഗങ്ങൾക്ക് ഭരണഘടന പരിരക്ഷ നൽകുന്നുവെന്നത് ശരിയാണ്. ഇത്തരം അനുകൂല ഘടകങ്ങളെല്ലാമുണ്ടെങ്കിലും രാജ്യത്തിന്റെ ചരിത്രം പോയത് മറ്റൊരു വഴിക്കാണ്. ഭിന്നത വിതക്കാനുള്ള നവ സാമ്രാജ്യത്വത്തിന്റെ അജണ്ടയെ നാം കരുതിയിരിക്കണം. മുസ്‌ലിംകൾ ഇവിടെ ഗുരുതരമായ അന്യവത്കരണം അനുഭവിക്കുന്നു. തങ്ങളുടെ രാജ്യസ്നേഹം നിരന്തരം ബോധ്യപ്പെടുത്തേണ്ട നിസ്സഹായാവസ്ഥയിലാണവർ. ഇത് രാജ്യം ഭാവിയിൽ നേരിടാൻ പോകുന്ന ഒരു പ്രതിസന്ധിയിലേക്കുള്ള ദുരന്ത സൂചനയാണ്. സാംസ്കാരിക രംഗത്തും മാധ്യമരംഗത്തുമൊക്കെ മികച്ച സംഭാവനകൾ നൽകിയിട്ടുള്ള ജമാഅത്തെ ഇസ്‌ലാമിയുടെ പുതിയ സംഭാവനയും ഒരു വഴിത്തിരിവായിരിക്കുമെന്ന് അദ്ദേഹം പറഞ്ഞു.

തുടർന്ന് സംസാരിച്ച പ്രമുഖ പത്രപ്രവർത്തകനും മനുഷ്യാവകാശ പ്രവർത്തകനുമായ സുരേഷ് ഖൈർനാർ, ഹൈന്ദവ ഫാഷിസത്തിന്റെ കുതന്ത്രങ്ങളിലേക്കും ആസൂത്രിതമായ വിധ്വംസക പ്രവർത്തനങ്ങളിലേക്കും സൂചന നൽകി. രാജ്യത്ത് നടന്ന, മുസ്‌ലിംകളുടെ പേരിലാരോപിക്കപ്പെടുന്ന ഒരു സ്ഫോടനത്തിലും മുസ്‌ലിംകൾക്ക് പങ്കില്ലെന്നാണ് തന്റെ അന്വേഷണങ്ങളിലൂടെ ബോധ്യപ്പെട്ടത് എന്ന് അദ്ദേഹം പറഞ്ഞു.

# ഞാൻ നിങ്ങളോടൊപ്പമുണ്ട്

## ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർ



**സഹോദരീ** സഹോദരന്മാരേ, ജമാഅത്തെ ഇസ്‌ലാമി ഈ സമ്മേളനത്തിലേക്ക് എന്നെ ക്ഷണിച്ചതിലുള്ള കൃതജ്ഞത ഞാനാദ്യമായി രേഖപ്പെടുത്തുന്നു. ഇതൊരു മുസ്‌ലിം സമ്മേളനമല്ല. എന്റെ സഹോദരീ സഹോദരന്മാരായ ഇന്ത്യക്കാരുടെ മഹത്തായ ഒരു സമ്മേളനമാണ്. മതനിരപേക്ഷതയും സമാധാനവും സൗഹാർദവും ഈ രാജ്യത്തിനാവശ്യമാണ്. നാമെല്ലാം ഭാരതീയരാണ്, നാം ഒന്നാണ്. നീതി എല്ലാവർക്കും ലഭിക്കണം എന്നാണ് എന്റെ അപേക്ഷ. രോഗം കൊണ്ടും പ്രായം കൊണ്ടും എനിക്കധികം സംസാരിക്കാൻ കഴിയില്ല. എങ്കിലും ഇവിടെ വരേണ്ടത് എനിക്ക് നിർബന്ധമാണ്. മുസ്‌ലിം സഹോദരീ സഹോദരന്മാരേ.. സംസ്കാരം നശിച്ചുകൊണ്ടിരിക്കുന്ന, സമാധാനം തകർന്നുകൊണ്ടിരിക്കുന്ന ഇന്നത്തെ കാലത്ത് നാമൊന്നായി നിൽക്കേണ്ടതും ഒന്നിച്ചു ജീവിക്കേണ്ടതും നമ്മുടെ രാജ്യത്തിന്റെ ആവശ്യമാണ്. ഈ മഹത്തായ മൂല്യത്തെ നാം ഒരു കാലത്തും വിസ്മരിക്കരുത്. മുസ്‌ലിം സഹോദരിമാർ തങ്ങളുടെ വ്യക്തിത്വത്തെ കുറിച്ചും സ്വാതന്ത്ര്യത്തെക്കുറിച്ചും ബോധവതികളാകണം. മൗലികാവകാശങ്ങൾ സ്ത്രീകൾക്കും പുരുഷന്മാർക്കും ഉണ്ട്. സഹോദരികളേ ഉണരുവിൻ. നിങ്ങളുടെ അവകാശങ്ങൾ ചോദിച്ചുവാങ്ങുവിൻ. ഞാൻ നിങ്ങളോടൊപ്പമുണ്ട്.

ന്യൂനപക്ഷമായ മുസ്‌ലിം സമൂഹത്തോട് ഞാൻ പറയുന്നു. നിങ്ങൾ ന്യൂനപക്ഷമാണെന്ന് വിചാരിക്കരുത്. നിങ്ങളുടെ കൂടെയാണ് ഞാനുള്ളത്. നിങ്ങളുടെ കൂടെയാണ് കോടിക്കണക്കിന് ഭാരതീയരുള്ളത്. നിങ്ങളുടെ അവകാശങ്ങൾ ചോദിച്ചുവാങ്ങാൻ ഞാൻ എന്നുമൊപ്പമുണ്ടാവും. മുസ്‌ലിം സമൂഹത്തിന്റെ മേലുള്ള ഭീകരതാ ആരോപണം തെറ്റാണ്. അത് ഞാൻ നിഷേധിക്കുന്നു. ഒരു സമൂഹത്തെ ഒന്നടങ്കം ഭീകരരും തീവ്രവാദികളും എന്ന് ആക്ഷേപിക്കുന്നത് നമ്മുടെ ഭരണഘടനക്കും നീതിബോധത്തിനും എതിരാണ്. നിങ്ങൾക്ക് ഭീകരതയുണ്ടെങ്കിൽ എന്നിലും ഭീകരതയുണ്ട്. നിങ്ങൾക്ക് ഭീകരതയില്ലെങ്കിൽ എന്നിലും ഭീകരതയില്ല. ഭീകരതയുടെ പേരിൽ ഒരു സമൂഹത്തെ ഒന്നാകെ അടച്ചാക്ഷേപിക്കുന്നത് തെറ്റാണ്. നിങ്ങൾ പരിശുദ്ധ ഇസ്‌ലാമിൽ വിശ്വസിക്കുന്ന ഭാരതീയ പൗരന്മാരാണ്.

ഈ ആരോപണങ്ങളെല്ലാം വെറും പ്രചാരണ വിദ്യകളാണ്. അത് നിങ്ങൾ അംഗീകരിക്കരുത്. എന്തു ഭീകരതയും തീവ്രവാദവുമാണ് ഈ പറയുന്നത്. വെറുതെ ഒരു സമൂഹത്തെ ആക്ഷേപിക്കുകയാണിവർ. ലക്ഷക്കണക്കായ എന്റെ മുസ്‌ലിം സഹോദരന്മാർ; അവരെ ഞാൻ ആദരിക്കുന്നു. അവരോട് ഞാൻ മാപ്പു ചോദിക്കുന്നു. നിങ്ങൾക്കുമേൽ ഭീകരത ആരോപിക്കപ്പെടുന്നത് തെറ്റിദ്ധാരണ മൂലമാണ്. അതുകൊണ്ട് നിങ്ങൾ ഭയപ്പെടരുത്. അസമത്വത്തിന് ഇരകളാകുന്ന കോടിക്കണക്കിന് ദരിദ്രർ ഇവിടെയുണ്ട്. അവർക്ക് വീടില്ല. ഭക്ഷണമില്ല. ജോലിയില്ല. ആത്മഹത്യ മാത്രമാണ് അവരുടെ മുമ്പിലുള്ള വഴി. അതിൽ മുസ്‌ലിംകളും ഹിന്ദുക്കളും ക്രിസ്ത്യാനികളുമുണ്ട്. അത്തരം ഭാരതീയർക്ക് വളരാൻ കഴിയണം. അതിന് നാം ഒന്നായി ശ്രമിക്കണം.

ഈ രാജ്യത്ത് സമാധാനവും സമത്വവും ആവശ്യമാണ്. സമാധാനമില്ലാതെ പുരോഗതിയില്ല. അതുകൊണ്ട് നാം സമാധാനവും സൗഹൃദവും നിലനിർത്തണം. എല്ലാ മതക്കാരും യോജിച്ചു മുന്നോട്ടുപോകണം. ലോക സാഹോദര്യത്തിനുവേണ്ടി നിലകൊള്ളുന്ന മുസ്‌ലിംകൾക്കൊരിക്കലും ഭീകരവാദികളാവാൻ കഴിയില്ല. സഹോദരീ സഹോദരന്മാരേ, അല്ലാഹുവിൽ വിശ്വസിക്കുന്ന, ഇസ്‌ലാം അംഗീകരിക്കുന്ന നിങ്ങൾ ഭാരതത്തിലെ ജനങ്ങളെ സഹോദരീ സഹോദരന്മാരായി സ്വീകരിച്ചുകൊണ്ട് ജീവിക്കണം. സമാധാനപൂർണമായ ലോകം സൃഷ്ടിക്കാൻ ഇസ്‌ലാമിന്റെയും നിങ്ങളുടെയും സംഭാവനകൾ ഉണ്ടാകണം. തീർച്ചയായും നാം വിജയിക്കും. ■

സ്വാതന്ത്ര്യത്തിനു ശേഷം മുസ്‌ലിംകള്‍ ഇത്തരമൊരു അരക്ഷിതാവസ്ഥ മുമ്പ് അഭിമുഖീകരിച്ചിട്ടില്ല. മുസ്‌ലിംകള്‍ക്ക് അവകാശങ്ങളില്ല എന്ന ഫാഷിസ്റ്റ് വാദത്തിനുള്ള മറുപടി കൂടിയാണ് ഇവിടെ കൂടിയ ജനസമുദ്രം എന്നദ്ദേഹം കൂട്ടിച്ചേര്‍ത്തു.

ടി.കെ അബ്ദുല്ല സാഹിബിന്റെ പ്രസംഗം, ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ പുതിയ ചുവടുവെപ്പിലെ ആത്മവിശ്വാസം സ്ഫുരിക്കുന്നതായിരുന്നു. ചിന്തോദ്ദീപകമായ നര്‍മങ്ങള്‍ കലര്‍ത്തി, സ്വതസിദ്ധമായ ശൈലിയില്‍ മുന്നോട്ടുപോയ പ്രസംഗം സദസ്സില്‍ ചിരിയും ആവേശവും പടര്‍ത്തി. സമാധാനം നമുക്കാവശ്യമാണ്. എന്നാല്‍ അത് അനീതി കൊണ്ടാവരണം ചെയ്ത ശ്മശാന മൂകതയാവരുത്. ശാന്തിയും നീതിയും ഒരിക്കലും വേര്‍പ്പെടുത്താനാവാത്ത വാക്കുകളാണ്. മക്കാ മസ്ജിദ് സ്ഫോടനത്തിന്റെ പേരില്‍ മുസ്‌ലിം യുവാക്കളെ അറസ്റ്റ് ചെയ്ത് പീഡിപ്പിച്ച് ജീവച്ഛവങ്ങളാക്കിയ ശേഷം ഓട്ടോ കൊടുത്ത് ഓട്ടയടക്കുന്ന ആന്ധ്രാ സര്‍ക്കാറിന്റെ ഭീകരതയെ അദ്ദേഹം പരിഹസിച്ചു.

എം.പി വീരേന്ദ്രകുമാറിന്റെ പ്രസംഗം, ജനിച്ച രാജ്യത്ത് അഭയാര്‍ഥികളാവാന്‍ വിധിക്കപ്പെട്ട മുസ്‌ലിംകളുടെ നിസ്സഹായാവസ്ഥയിലേക്ക് വിരല്‍ചൂണ്ടി. സ്ഫോടനക്കേസുകളില്‍ പിടിക്കപ്പെട്ട് നരകപീഡനത്തിന് വിധേയരായ മുസ്‌ലിം യുവാക്കള്‍ മനോരോഗികളായിരിക്കുന്നു. ഇതിനാര് സമാധാനം പറയും? പ്രജ്ഞാസിംഗും പുരോഹിതും സ്ഫോടനക്കേസുകളില്‍ പിടിക്കപ്പെട്ടപ്പോള്‍, അവരെ ഭീകരവാദികളെന്ന് വിളിക്കരുതെന്നും അവര്‍ ഭീകരവാദികളാണെന്ന് കോടതി പറഞ്ഞിട്ടില്ലെന്നും അദ്വാനി പറയുന്നു. എന്നാല്‍ സ്ഫോടനക്കേസുകളില്‍ പിടിക്കപ്പെട്ട മുസ്‌ലിം യുവാക്കള്‍ ഭീകരവാദികളാണെന്ന് ഏത് കോടതിയാണ് പറഞ്ഞത്?- അദ്ദേഹം ചോദിച്ചു.

ശാന്തിയെക്കുറിച്ചും നീതിയെക്കുറിച്ചും സംസാരിക്കുമ്പോള്‍ ആരാണ് ശാന്തിയും നീതിയും തകര്‍ത്തതെന്ന് പറയേണ്ടതുണ്ട്. ഏറ്റവും വലിയ ഭീകരത ഭരണകൂട ഭീകരതയാണ്. എസ്.ഐ.ഒ അഖിലേന്ത്യാ പ്രസിഡന്റ് ബിശ്റുദ്ദീന്‍ ശര്‍ഖി പറഞ്ഞു.

ഭീകരത വ്യാപിക്കുന്നതില്‍ മാധ്യമങ്ങളുടെ പങ്കും ഉറക്കെപ്പറയണം.

## വര്‍ഗീയതയെ സ്നേഹം കൊണ്ട് നേരിടുക

**ടി. ആരിഫലി**




**ദാരിദ്ര്യവും** അവശതകളുമുണ്ടെങ്കിലും ചന്ദ്രനെ തൊടാന്‍ കഴിയുന്ന അസൂയാര്‍ഹമായ പുരോഗതി നമ്മുടെ രാജ്യം നേടിയിട്ടുണ്ട്. ഹൈദരാബാദും ബാംഗ്ലൂരുമൊക്കെ വിവരവിപ്ലവത്തിന്റെ പുതിയ അധ്യായങ്ങള്‍ രചിക്കുന്നു. നമ്മുടെ സൈന്യം പ്രബലമാണ്. നാനാത്വത്തില്‍ ഏകത്വം എന്ന മൂല്യം നാം ഇന്നലെകളില്‍ ഉയര്‍ത്തിപ്പിടിച്ചു. ലോകത്തിലെ എല്ലാ മതങ്ങളെയും സംസ്കാരങ്ങളെയും സ്വാംശീകരിച്ചു. നാം അംഗീകരിച്ചിരിക്കുന്ന മതനിരപേക്ഷതയും ജനാധിപത്യവും പുരോഗമന സ്വഭാവമുള്ളതാണ്. വളരാന്‍ കഴിയുന്നവര്‍ക്കേ അവസരങ്ങള്‍ നേടാനാകൂ എന്ന ജനാധിപത്യത്തിന്റെ ദൗര്‍ബല്യം പരിഹരിക്കാന്‍ നമ്മുടെ ഭരണഘടന നടപടി സ്വീകരിച്ചു. ദുര്‍ബലര്‍ക്ക് അവകാശങ്ങളും അവസര സമത്വവും പ്രഖ്യാപിച്ചു. ഇതെല്ലാം ഒരു ജനത എന്ന നിലക്ക് ഐക്യത്തോടെ ജീവിക്കാന്‍ നമ്മെ സഹായിക്കേണ്ടതായിരുന്നു. എന്നാല്‍ നമ്മുടെ ചരിത്രം മറ്റൊരു വഴിക്കാണ് പോയത്. നമ്മുടെ ഐക്യത്തെ തകര്‍ക്കാന്‍ ബ്രിട്ടീഷ് സാമ്രാജ്യത്വം ആവത് ശ്രമിച്ചു. വിഭജനം നമ്മെ തളര്‍ത്തി. പ്രശ്നങ്ങള്‍ സജീവമാക്കി നിലനിര്‍ത്താന്‍ കശ്മീര്‍ പ്രശ്നം ഉണ്ടാക്കിയെടുത്തു. അമേരിക്കയുടെ നേതൃത്വത്തിലുള്ള പുതിയ സാമ്രാജ്യത്വവും ആ വഴിക്കുതന്നെയാണ് നീങ്ങുന്നത്. വര്‍ഗീയ ധ്രുവീകരണത്തെ സ്നേഹം കൊണ്ട് നേരിടണം എന്നാണ് ജമാഅത്തെ ഇസ്‌ലാമിക്ക് പറയാനുള്ളത്. സ്വാതന്ത്ര്യത്തിനു മുമ്പുതന്നെ സയ്യിദ് മൗദൂദി അന്യരിലേക്ക് പാലം പണിയേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറഞ്ഞിരുന്നു. മുഹമ്മദ് നബി(സ) മദീനയില്‍ ചെന്ന് പറഞ്ഞ 'നാം ഒരു സമൂഹമാകുന്നു' എന്ന സന്ദേശമാണ് നമുക്കും പറയാനുള്ളത്. രാജ്യനിവാസികളെ ഭിന്നിപ്പിക്കാന്‍ നാം ആരെയും അനുവദിക്കില്ല.

ദേശീയതലത്തില്‍ പ്രസ്ഥാനം ആരംഭിക്കുന്ന പുതിയ ചുവടുവെപ്പുകള്‍ കേരളത്തിലും ശരിയായ അര്‍ഥത്തില്‍ തന്നെ മുന്നോട്ടുപോകും. ഈ രംഗത്ത് നമ്മുടെ ഇടപെടല്‍ പുതിയൊരു വഴിത്തിരിവാകും. നാമാരുടെയും ഉപകരണമാവില്ല, മറിച്ച് ജമാഅത്തെ ഇസ്‌ലാമി നിലവിലുള്ള ജനാധിപത്യഘടനയെ നീതിയും ധര്‍മവും പുലരാനുള്ള ഒരുപകരണമാക്കി ഉപയോഗപ്പെടുത്താന്‍ ശ്രമിക്കും. ■



*പ്രഫ. കെ.എ സിദ്ദീഖ് ഹസന്‍*



*സുരേഷ് ഖൈര്‍നാര്‍*



*എം.പി വീരേന്ദ്രകുമാര്‍*

നിഷ്പക്ഷതയുടെ കാലം അവസാനിച്ചു. മുസ്ലിമിന്റെ പക്ഷത്തുനിന്ന് തന്നെ സംസാരിക്കേണ്ട സാഹചര്യമാണ് ഉണ്ടായിത്തീർന്നിരിക്കുന്നത്. സെക്യുലറിസത്തിന്റെ പഴയ വാചാടോപങ്ങളിൽനിന്നും ബുദ്ധിജീവികൾ മുന്നോട്ടുപോകണം. തകർന്ന മാർക്സിസത്തിന്റെയും ഊർധശ്വാസം വലിക്കുന്ന മുതലാളിത്തത്തിന്റെയും ശൂന്യതയിലേക്ക് കയറി നിൽക്കുക എന്നതാണ് 130 കോടി വരുന്ന മുസ്ലിം സമൂഹത്തോട് കാലം ആവശ്യപ്പെടുന്നത് എന്ന് *മാധ്യമം* എഡിറ്റർ ഒ. അബ്ദുർറഹ്മാൻ പറഞ്ഞു. ഇസ്ലാമിൽ രാഷ്ട്രീയമുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ രാഷ്ട്രീയത്തെ ധാർമികവത്കരിച്ചുകൊണ്ട് മാത്രമേ ശരിയായ അർഥത്തിലുള്ള വിമോചനം സാധ്യമാവൂ എന്ന് ജമാഅത്തെ ഇസ്ലാമി തുടക്കം മുതലേ ഊന്നിപ്പറഞ്ഞിട്ടുണ്ട്. മതത്തിന്റെയോ ജാതിയുടെയോ സങ്കുചിത ഭൂമികയിലല്ല പുതിയ രാഷ്ട്രീയ പാർട്ടി നിലകൊള്ളുകയെന്നും അദ്ദേഹം പറഞ്ഞു.

രാജ്യത്ത് നിയമവാഴ്ചയുടെ തകർച്ച സൃഷ്ടിക്കുന്ന അരക്ഷിതാവസ്ഥ ഭീകരമാണ്. മാവോവാദിയെന്നോ ഹുജിയെന്നോ ആരോപിച്ച് ആരെയും അറസ്റ്റു ചെയ്യാൻ പറ്റുന്ന സാഹചര്യമാണ് നിലനിൽക്കുന്നത്. നീതി ആരുടെയും ഔദാര്യമല്ല. അത് പൊരുതി വാങ്ങേണ്ടതാണ്. കശ്മീരിൽ നടന്ന ഏറ്റുമുട്ടലിൽ മലയാളി യുവാക്കൾ കൊല്ലപ്പെട്ടതിനെ സംബന്ധിച്ച പോലീസ് ഭാഷ്യം പൂർണമായും വിശ്വസിക്കാൻ പ്രയാസമുണ്ട്. ഒരുമ്മയും തന്റെ മകന്റെ മുഖം കാണേണ്ടതില്ല എന്നു പറയരുത്. മകന്റെ മുഖം കാണണമെന്ന് ആർജവത്തോടെ പറയണം-അഖിലേന്ത്യാ അസി. അമീർ പ്രഫ. കെ.എ സിദ്ദീഖ് ഹസൻ പറഞ്ഞു. പ്രോഗ്രാം കൺവീനർ ഹമീദ് വാണിമേൽ നന്ദി പറഞ്ഞു.

നാടിന്റെ നാനാഭാഗത്തുനിന്നും വന്നു ചേർന്ന ജനസഞ്ചയം ആദർശ മാർഗത്തിൽ പുതിയ മുന്നേറ്റത്തിനുള്ള ദൃഢനിശ്ചയവുമായാണ് പിരിഞ്ഞുപോയത്. ചരിത്രത്തിന്റെ പ്രതിസന്ധിഘട്ടങ്ങളിൽ മനുഷ്യർക്ക് ദിശാ ബോധത്തിന്റെ വെളിച്ചം നൽകാൻ മുന്നോട്ടുവന്ന പ്രവാചകന്മാരുടെ, നവോത്ഥാന നായകന്മാരുടെ പാരമ്പര്യമേറ്റെടുക്കാൻ തങ്ങളുണ്ട് എന്ന ആ നിശ്ശബ്ദ പ്രഖ്യാപനം പുതിയ കാലത്തിന്റെ നോവുകൾക്കും ദുരന്തങ്ങൾക്കും മേൽ ആശ്വാസത്തിന്റെ കുളിർമഴയായി പെയ്തിറങ്ങുമെന്ന് പ്രത്യാശിക്കാം. ■

## നീതിയില്ലാത്ത സമാധാനം അർഥശൂന്യം

**ടി.കെ അബ്ദുല്ല**



**നീതിക്കും** സമാധാനത്തിനും വേണ്ടിയുള്ള ആഹ്വാനവുമായി ജമാഅത്തെ ഇസ്ലാമി നടത്തുന്ന ഈ പുതിയ മുന്നേറ്റം തീർച്ചയായും ഇഖ്ബാലിന്റെ ആത്മാവിനെ ത്രസിപ്പിക്കുന്നുണ്ടാവും. നീതിയില്ലാത്ത ശാന്തി കപടവും ക്രൂരവുമാണ്. സമാധാനം നീതിയിലൂടെ വരണം. നീതി സമാധാനത്തിന് സഹായകമാവണം. കുറ്റം തെളിയിക്കപ്പെടുന്നതുവരെ ആർക്കെതിരെയും കുറ്റം വിധിക്കരുത്. സ്ഫോടനക്കേസിൽ പിടിക്കപ്പെട്ട മുസ്ലിം യുവാക്കൾക്കു വേണ്ടി കേസ് വാദിക്കില്ല എന്ന ബാർ കൗൺസിൽ തീരുമാനം ക്രൂരമായ അനീതിയാണ്. ഈ രാജ്യത്ത് നടമാടുന്ന ഇത്തരം തുറന്ന അനീതികൾക്ക് പരിഹാരമുണ്ടാവണം എന്നാണ് ജമാഅത്തെ ഇസ്ലാമി ആവശ്യപ്പെടുന്നത്. കുറ്റം തെളിയിക്കപ്പെട്ടതിന്റെ പേരിലല്ല, പൊതു ജനവികാരം കോടതിക്ക് അവഗണിക്കാൻ കഴിയാത്തതിന്റെ പേരിലാണ് അഫ്സൽ ഗുരുവിന് ശിക്ഷ വിധിച്ചത് എന്നാണ് സുപ്രീം കോടതി പറയുന്നത്. പൊതുജന വികാരം നിയമവ്യവസ്ഥയെപ്പോലും സ്വാധീനിക്കുന്ന ഒരു സാഹചര്യം രാജ്യത്തുണ്ടായിക്കൂടാ. ഒരു ക്ഷേമരാഷ്ട്രം കെട്ടിപ്പടുക്കുക എന്ന കാഴ്ചപ്പാടാകും ജമാഅത്തെ ഇസ്ലാമി രൂപീകരിക്കുന്ന പുതിയ രാഷ്ട്രീയ പാർട്ടിക്കുണ്ടാവുക എന്ന് ഞാൻ പ്രതീക്ഷിക്കുന്നു. രാജ്യം കൂടുതൽ അന്തസ്സാർന്നതാകണമെന്നും മുൻകാലത്തെപ്പോലെ ലോകത്തിനൊരു സന്ദേശം നൽകാൻ ഇന്ത്യക്ക് കഴിയണമെന്നും ജമാഅത്ത് ആഗ്രഹിക്കുന്നു. ഞങ്ങൾ ചെറിയ പ്രസ്ഥാനമാണ്. എന്നാൽ ഇതിന് ചില വലിയ സ്വാധീനങ്ങളുണ്ട്. പത്രം നമ്മുടെ ഒരു ശക്തിയാണ്. ഈടുവെപ്പും അടിയുറപ്പുമുള്ള ഒരു പ്രസ്ഥാനത്തിന്റെ അംഗസംഖ്യ മാത്രം കണക്കാക്കി അതിന്റെ ശക്തി വിലയിരുത്തരുത്. അധികാരത്തിന്റെ വ്യാമോഹമില്ലാതെ രാഷ്ട്രീയത്തിലും നാം അന്തസ്സോടെ മുന്നോട്ടുപോകും. സാധാരണ മനുഷ്യരോട് വർത്തമാനം പറയാൻ പറ്റുന്ന ഭാഷ നാം വശത്താക്കണം. സ്ത്രീകൾക്കു വേണ്ടിയും പ്രസ്ഥാനം ശബ്ദമുയർത്തുന്നു എന്നതിന്റെ തെളിവാണ് ഇവിടെ കാണുന്ന ഈ വമ്പിച്ച സ്ത്രീ പങ്കാളിത്തം. ■



*മുജ്തബാ ഫാറൂഖ്*



*ഒ. അബ്ദുർറഹ്മാൻ*



*ബിശ്റുദ്ദീൻ ശർഖി*